# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1811 — 01-11-2019 ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹിം | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
| (എ) | ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (എ) | 1. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്<br>2.വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന നിർമ്മാണ /പുനരുദ്ധാരണ പദ്ധതി<br>3. ഹൈസ്കൂൾ, ഹയർ സെക്കൻററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം<br>4. സ്വകാര്യ ഐ.റ്റി.ഐ. / ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ - റീ ഇംബേഴ്സ്മെൻറ് സ്കീം<br>5. പ്രൊഫ:ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്<br>6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി<br>7. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്ത് നൽകുന്ന പദ്ധതി<br>8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.<br>9. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.<br>10. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം നൽകുന്ന വിവാഹ ധനസഹായ പദ്ധതി.<br>11. എസ്.എസ്.എൽ.സി. / പ്ലസ് ടു പരീക്ഷയിൽ |

| | | | |
|---|---|---|---|
| | | | എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.<br>12. നേഴ്സിംങ് ഡിപ്ലോമ/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി മദർ തെരേസ സ്കോളർഷിപ്പ്<br>13. സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ 3 വർഷ ഡിപ്ലോമ കോഴ്സുകൾക്ക് നൽകുന്ന ഡോ.എ.പി.ജെ അബ്ദുൽകലാം സ്കോളർഷിപ്പ്<br>14. മുസ്ലീം വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾക്ക് വിവാഹപൂർവ്വ കൗൺസലിംഗ്<br>15. മദ്രസാധ്യാപകർക്കുള്ള ചികിത്സാ ധനസഹായം. വനിതകൾക്കുള്ള പ്രസവാനുകൂല്യം |
| (ബി) | ഓരോ പദ്ധതിയിലും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (ബി) | മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**1. ചാർട്ടേർഡ് അക്കൗണ്ടൻസി / കോസ്റ്റ് & മാനേജ്മെൻറ് അക്കൗണ്ടിങ്/ കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.**

ഫൈനൽ/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 15,000/ രൂപ വീതമാണ് സ്കോളർഷിപ്പ്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ എ.പി.എൽക്കാരെയും പരിഗണിക്കുന്നതാണ്. കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ളവർ ആയിരിക്കണം. 30% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**2. സ്വകാര്യ ഐ.റ്റി.ഐ-കളിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള ഫീ-റീഇംബേഴ്സ്മെൻറ് സ്കീം.**

രണ്ട് വർഷം/ ഒരു വർഷം കോഴ്സുകൾക്ക് യഥാക്രമം 20,000/ രൂപ, 10,000/ രൂപ എന്ന തോതിലാണ് സാമ്പത്തിക സഹായം നൽകുന്നത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ എ.പി.എൽക്കാരെയും പരിഗണിക്കുന്നതാണ്. കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ളവരും ആയിരിക്കണം. 10% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**3. പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്-** ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി/ പ്ലസ് ടു/വി.എച്ച്.എസ്.ഇ തുടങ്ങിയവക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ്/ 90%-മാർക്ക് നേടിയവർക്കും ബിരുദത്തിന് 80%-മാർക്ക് നേടിയവർക്കും ബിരുദാനന്തര ബിരുദത്തിന് 75%-മാർക്ക് നേടിയവർക്കുമാണ് സ്കോളർഷിപ്പ് അവാർഡ് നൽകുന്നത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ എ.പി.എൽക്കാരെയും പരിഗണിക്കുന്നതാണ്. കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ളവരും ആയിരിക്കണം.

**4. എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്**

സർക്കാർ / എയ്ഡഡ് മേഖലയിലെ പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 6000/ രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ എ.പി.എൽക്കാരെയും പരിഗണിക്കുന്നതാണ്. കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ളവരും ആയിരിക്കണം. 30% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**5. മദർ തെരേസ സ്കോളർഷിപ്പ്**

പൊതു പ്രവേശന പരീക്ഷയെഴുതി കേരളത്തിലെ നേഴ്സിംങ് കോളേജ്/ മെഡിക്കൽ കോളേജുകളിൽ നേഴ്സിംങ് ഡിപ്ലോമ/ പാരാമെഡിക്കൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 15,000/ രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50%-ൽ കുറയാത്ത മാർക്ക് നേടിയവരും കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ളവരും ആയിരിക്കണം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ എ.പി.എൽക്കാരെയും പരിഗണിക്കുന്നതാണ്. 50% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**6. സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്**

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ പ്രത്യേകിച്ച് മുസ്ലീം സമുദായത്തിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസപരമായ പുരോഗതി ലക്ഷ്യം വച്ച് സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 5000/ രൂപ വീതവും, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 6000/ രൂപ വീതവും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 7000/ രൂപ വീതവും ഹോസ്റ്റൽ സ്റ്റൈപ്പൻറ് ഇനത്തിൽ 13000 രൂപ വീതവും പ്രതിവർഷം നൽകുന്നു. മുസ്ലീം, ലത്തീൻ ക്രിസ്ത്യൻ, പരിവർത്തിത ക്രിസ്ത്യൻ എന്നീവിഭാഗങ്ങളിലെ പെൺകുട്ടികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ളവരും ആയിരിക്കണം.

## 7. കരിയർ ഗൈഡൻസ് പരിശീലന പരിപാടി

ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ഹൈസ്കൂൾ, ഹയർ സെക്കൻററി വിദ്യാർത്ഥികൾക്കാണ് രണ്ട് ദിവസത്തെ സൗജന്യ വ്യക്തിത്വ വികസന കരിയർ ഗൈഡൻസ് പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നത്. സർക്കാർ / എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരെ മാത്രമാണ് ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നത്. കഴിഞ്ഞ അധ്യയന വർഷത്തിലെ വാർഷിക പരീക്ഷയിൽ ചുരുങ്ങിയത് 60% മാർക്ക് വിദ്യാർത്ഥി നേടിയിരിക്കണം. ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് എസ്.എസ്. എൽ.സി പരീക്ഷയുടെ മാർക്ക് യോഗ്യതാ മാനദണ്ഡമായി പരിഗണിക്കുന്നു. +2 / അവസാന പരീക്ഷയുടെ മാർക്ക് യോഗ്യതാ മാനദണ്ഡമായി പരിഗണിക്കും. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന. ഇവരുടെ അഭാവത്തിൽ എ.പി.എൽക്കാരെയും പരിഗണിക്കുന്നതാണ്. 30% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

## 8. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം-

1. അപേക്ഷകർ കേരള സിവിൽ സർവവീസ് അക്കാദമി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ റിസർച്ച്-പൊന്നാനി, യൂണിവേഴ്സിറ്റികൾ തുടങ്ങിയ ഗവൺമെൻറ് അംഗീകൃത സ്ഥാപനങ്ങൾ നടത്തുന്ന പരിശീലന കേന്ദ്രങ്ങളിൽ സിവിൽ സർവ്വീസ് പരിശീലനം നടത്തുന്നവരായിരിക്കണം.
2. വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ കവിയരുത്. ബി.പി.എൽ വിഭാഗത്തിന് മുൻഗണന.

മേൽ പദ്ധതികളെല്ലാം 80% മുസ്ലീം മതവിഭാഗത്തിനും 20% മറ്റു ന്യൂനപക്ഷ മതവിഭാഗങ്ങൾക്കുമായി നൽകി വരുന്നു.

## 9. (എ) മദ്രസാദ്ധ്യാപക പെൻഷൻ പദ്ധതി

അഞ്ചു വർഷത്തിൽ കുറയാത്ത കാലം അംശാദായം അടച്ച് അംഗത്വം നിലനിർത്തിയ അംഗത്തിന് 65 വയസ്സ് പൂർത്തിയാകുമ്പോൾ പെൻഷന് അർഹതയുണ്ട്.

(ബി) വിവാഹധനസഹായം

1. മദ്രസാദ്ധ്യാപക ക്ഷേമ നിധിയിൽ 2 വർഷം അംഗത്വ കാലാവധി പൂർത്തിയാക്കി അംഗത്വം നില നിർത്തുന്ന മദ്രസ്സാദ്ധ്യാപകരുടെ സ്വന്തം വിവാഹത്തിനും അവരുടെ രണ്ടു പെൺമക്കളുടെ വിവാഹത്തിനും.
2. വിവാഹതീയതിയ്ക്ക് 1 മാസം മുൻപോ വിവാഹം കഴിഞ്ഞ് പരമാവധി 3 മാസത്തിനകമോ അപേക്ഷ സമർപ്പിക്കണം.
3. അപേക്ഷ സമർപ്പിക്കുന്നതിന്റെ തൊട്ടുമുമ്പത്തെ മാസം വരെയുള്ള അംശാദായം അടവാക്കിയിരിക്കണം.

(സി) ചികിത്സാ ധനസഹായം

1. സാധാരണ രോഗങ്ങൾക്ക് 5000/ രൂപയും ഗുരുതര രോഗങ്ങൾക്ക് 25,000/ രൂപയും
2. ചികിത്സിച്ച ഡോക്ടറുടെ റിപ്പോർട്ടിന്റെയും ബില്ലുകളുടെയും അടിസ്ഥാനത്തിൽ തുക നൽകുന്നു.

(ഡി) മദ്രസാദ്ധ്യാപക വനിത അംഗങ്ങൾക്ക് പ്രസവാനുകൂല്യം

ക്ഷേമനിധിയിൽ അംഗത്വം നേടി 1 വർഷം പൂർത്തിയായ വനിത അംഗത്തിന് പരമാവധി 2 തവണ 15,000/ രൂപ വീതം പ്രസവാനുകൂല്യമായി അനുവദിക്കുന്നു.

## 10. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി / ഹയർ സെക്കൻററി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്

ഉറുദു ഐച്ഛികഭാഷയായെടുത്ത് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി / ഹയർ സെക്കൻററി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതിയാണിത്. ഒരു വിദ്യാർത്ഥിക്ക് 1000/ രൂപാ നിരക്കിൽ ക്യാഷ് അവാർഡ് നൽകുന്നു.

## 11. ഇമ്പിച്ചി ബാവ ഭവന നിർമ്മാണ/ പുനരുദ്ധാരണ പദ്ധതി

ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ/വിവാഹബന്ധം വേർപ്പെടുത്തിയവർ/ ഉപേക്ഷിക്കപ്പെട്ടവർ - എന്നീ വിഭാഗത്തിലെ സ്ത്രീകൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്ന പദ്ധതിയിൽ വീട് ഒന്നിന് 201718 വർഷം മുതൽ നാല് ലക്ഷം രൂപയാണ് ധനസഹായം അനുവദിക്കുന്നത്. ഇത് തിരിച്ചടക്കേണ്ടതില്ല. അപേക്ഷകയുടെ സ്വന്തം പേരിൽ ബാദ്ധ്യതകളില്ലാത്ത ചുരുങ്ങിയത് രണ്ട് സെൻറ് സ്ഥലം ഉണ്ടായിരിക്കണം. ബി.പി.എൽ.കുടുംബം, അപേക്ഷകയോ അവരുടെ മക്കളോ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള അപേക്ഷക തുടങ്ങിയവർക്ക് മുൻഗണന നൽകും. ഇപ്പോൾ ഈ പദ്ധതി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ശരിയായ ജനലുകളോ, വാതിലുകളോ ഇല്ലാത്തതും, ഉറപ്പുള്ള മേൽക്കൂരയില്ലാത്തതുമായ വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ 50,000/ രൂപയാണ് ധനസഹായം നൽകുന്നത്. ബി.പി.എൽ വിഭാഗത്തിനും, മാനസിക-ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്കും മുൻഗണന നൽകും.

## 12. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി

ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള ദൗർല്ലഭ്യം പരിഹരിക്കുന്നതിന് സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതി. സംസ്ഥാനത്ത് അതത് ജില്ലകളിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി എന്നിവർ തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റുകൾ അടങ്ങിയ പ്രൊപ്പോസലുകൾ വകുപ്പിന് നേരിട്ട് ലഭ്യമാക്കുകയും ആയത് പരിശോധിച്ച് ഭരണാനുമതി ലഭിക്കുന്നതിന് വേണ്ടി സർക്കാരിന് സമർപ്പിക്കുകയുമാണ് ചെയ്യുന്നത്. പ്രസ്തുത പ്രൊപ്പോസലുകൾ സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് സർക്കാർ അംഗീകരിക്കുന്ന തുക പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി / തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറുകയും ചെയ്യുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികളുടെ പ്രദേശങ്ങളിലെ മോണിറ്ററിംഗും, പരിപാലനവും അതത് തദ്ദേശസ്ഥാപനങ്ങൾ നടത്തേണ്ടതാണ്.

13. കേന്ദ്രാവിഷ്കൃത പദ്ധതിയായ മൾട്ടി സെക്ടറൽ ഡെവലപ്പ്മെൻറ് പ്രോഗ്രാം (എം.എസ്.ഡി.പി)/പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ) സംസ്ഥാനത്തെ പത്തനംതിട്ട, തൃശ്ശൂർ ജില്ലകളൊഴികെയുള്ള ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകൾ/ടൗണുകൾ/ജില്ലാ ആസ്ഥാനങ്ങളിലായി നടപ്പിലാക്കി വരുന്നു. വിദ്യാഭ്യാസ-ആരോഗ്യ-കുടിവെള്ള മേഖലകൾക്കാണ് ഈ പദ്ധതി പ്രാമുഖ്യം നൽകുന്നത്. വിദ്യാഭ്യാസ മേഖലകളിലെ പദ്ധതികൾക്ക് തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ കേന്ദ്രീകൃത സ്കൂളികളിൽ അധിക ക്ലാസ് മുറികളുടെ നിർമ്മാണം. ആരോഗ്യ മേഖലയിൽ ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് അധിക വാർഡ്, അധിക കെട്ടിടങ്ങളുടെ നിർമ്മാണം, കുടിവെള്ള മേഖലയിൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലദൗർല്ലഭ്യം അനുഭവിക്കുന്നവർക്ക് അവ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ ടി പദ്ധതി മുഖേന നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ